**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 191** **05-12-2022 - ൽ മറുപടിയ്ക്ക്**

**നെടുമ്പന സി.എച്ച്.സി.യിലെ ഐസൊലേഷൻ വാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കുണ്ടറ മണ്ഡലത്തിലെ നെടുമ്പന സി.എച്ച്.സി. യിലെ ഐസൊലേഷൻ വാർഡ് നിർമ്മാണ പുരോഗതി വിലയിരുത്താമോ; | (എ) | ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ ആദ്യ ഘട്ടം പ്രവർത്തി ഉത്തരവ് നൽകിയതിൽ ഉൾപ്പെടുന്ന കുണ്ടറ നിയോജക മണ്ഡലത്തിലെ നെടുമ്പന സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ നിർമ്മാണ പ്രവർത്തികൾ അവസാന ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭിച്ച തീയതി, പൂർത്തീകരിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള തീയതി എന്നിവ വ്യക്തമാക്കാമോ; | (ബി) | സർക്കാർ ഉത്തരവ് നമ്പർ GO (Rt) No-1555/2021/H&FWD തിയതി 26.07.2021 പ്രകാരം 26/07/2021ന് ഭരണാനുമതി നൽകിയിരുന്നു. ബിഡ്ഡിങ് നടപടികൾ പൂർത്തിയാക്കി 07/02/2022 ന് നിർമ്മാണ ഏജൻസിയായ M/s. തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് പ്രവർത്തി ഉത്തരവ് നൽകുകയും പ്രവർത്തികൾ ആരംഭിക്കുവാൻ കരാറുകാരന് സ്ഥലം കൈമാറുകയും ചെയ്തു. പ്രവർത്തി ഉത്തരവ് പ്രകാരം പ്രവർത്തി പൂർത്തീകരിക്കേണ്ട തിയതി 04.07.2022 ആയിരുന്നു. എന്നാൽ നിർമ്മാണത്തിന് ആവശ്യമായ Pre Engineering Building (PEB) മെറ്റീരിയൽസിന്റെ ലഭ്യത കുറവും മൺസൂൺ മഴയും മൂലം നിർമാണത്തിൽ കാലതാമസം വന്നത് കാരണം പ്രവൃത്തി പൂർത്തീകരിക്കേണ്ട അവസാന തിയതി 31.12.2022 വരെ ഉപാധികളോടെ നീട്ടി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത നിർമ്മാണത്തിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ? | (സി) | നിർമ്മാണത്തിന് ആവശ്യമായ Pre Engineering Building (PEB) മെറ്റീരിയൽസിന്റെ ലഭ്യത കുറവും മൺസൂൺ മഴയും നിർമാണത്തിൽ കാലതാമസം ഉണ്ടാകുന്നതിനു കാരണമായി. |

സെക്ഷൻ ഓഫീസർ